# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3639. 25.06.2013 ൽ മറുപടിയ്ക്ക്.

മോട്ടോർ വാഹന വകുപ്പിൽ ഇ-പേമെന്റ് സംവിധാനം

| ചോദ്യം<br>ശ്രീ. പി.സി.ജോർജ്<br>ഡോ.എൻ.ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>"എം.വി.ശ്രേയാംസ് കുമാർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ) മോട്ടോർ വാഹന വകുപ്പിൽ ഇ-പേമെന്റ് സംവിധാനം ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കിയിട്ടുള്ളത്; ആയത് വിജയകരമായിരുന്നോ ; എന്തെല്ലാം ഗുണപരമായ മാറ്റങ്ങളാണ് ഇതു വഴി കൈവന്നിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ;<br><br>(ബി) സംസ്ഥാനത്തൊട്ടാകെ പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് പദ്ധതിയുണ്ടോ ; നടപ്പു സാമ്പത്തിക വർഷം ഏതെല്ലാം ജില്ലകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു ; | (എ)<br>&<br>(ബി) | മോട്ടോർ വാഹന വകുപ്പിൽ ഇ-പേമെന്റ് സംവിധാനം പരീക്ഷണാർത്ഥം ആദ്യം തിരുവനന്തപുരം ജില്ലയിൽ 09/07/2012 മുതൽ നടപ്പിലാക്കുകയും അതു വിജയമാണെന്ന് കണ്ടതിനെ തുടർന്ന് കേരളമൊട്ടാകെയുള്ള വകുപ്പിന്റെ ഓഫീസുകളിൽ 10/06/2013 മുതൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇ-പേമെന്റ് വഴി വിവിധ സേവനങ്ങൾക്കുള്ള ഫീസ്, പുതിയതായി രജിസ്റ്റർ ചെയ്യുന്ന നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതി, റോഡ് സുരക്ഷാ സെസ്സ് എന്നിവ ഓഫീസിൽ വരാതെ ബാങ്ക് അക്കൗണ്ട് വഴി അടയ്ക്കാവുന്നതാണ്. ഈ സംവിധാനം പ്രയോജനപ്പെടുത്തി പൊതുജനങ്ങൾക്ക് റീജിയണൽ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ക്യൂവിൽ നിന്ന് പണം അടയ്ക്കുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കാവുന്നതാണ്. ടി സംവിധാനം നടപ്പിൽ വരുന്നതുകൊണ്ട് വകുപ്പിലെ ജീവനക്കാർക്ക് ഡി.ഡി., ചെക്ക് എന്നിവ കൈകാര്യം ചെയ്യുന്നതിലുള്ള ബുദ്ധിമുട്ട് ഒഴിവാകുന്നതാണ്. ആയത് ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കുകയും കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുന്നതായി നാളിതു വരെയുള്ള അനുഭവത്തിൽ നിന്നും മനസ്സിലാകുന്നുണ്ട്. ഈ സംവിധാനം ഇപ്പോൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഉപഭോക്താക്കൾക്ക് മാത്രമേ ലഭ്യമായിട്ടുള്ളൂ. ഉടൻ മറ്റ് ബാങ്കുകളുടെ ഉപഭോക്താക്കാൾക്കും ഈ സേവനം ലഭ്യമാക്കുന്നതാണ്. |
| (സി) ഇതിനായി എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നു ; പ്രസ്തുത തുക നടപ്പു സാമ്പത്തിക വർഷം തന്നെ കണ്ടെത്താൻ നടപടി സ്വീകരിക്കുമോ? | (സി) | ടി സംവിധാനം നടപ്പാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന് പ്രത്യേകമായി ചെലവൊന്നും തന്നെ പ്രതീക്ഷിക്കുന്നില്ല. ഇടപാടുകൾ പൂർണ്ണമായും ഇലക്ട്രോണിക് മാധ്യമത്തിലൂടെ ആയതു കൊണ്ട് ഇതിനായി പ്രത്യേകം തുകയൊന്നും ചെലവഴിക്കേണ്ട ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ.